"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എക്സൈസ് വിജിലൻസ് വകുപ്പിലെ ഗ്രേഡ് I- സി എ ആയ ശ്രീമതി.ബോബി.പി.മത്തായിക്ക് വയനാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ വകുപ്പ്**

**സ.ഉ.(സാധാ) നം.1657/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/09/2020

---

പരാമർശം:- 1 സർക്കുലർ നം.42/13/ഫിൻ, തീയതി 10.03.2013

2 സ . ഉ ( സാധാ ) നം 2497/2018/ തസ്വഭവ തീയതി 25.09.2018

3 സ . ഉ ( സാധാ ) നം 2272/2019/ തസ്വഭവ തീയതി 16.10.2019

4 ശ്രീമതി . ബോബി . പി . മത്തായിയുടെ 08.05.2020 ലെ അപേക്ഷ

5 എക്സൈസ് കമ്മീഷണറുടെ 17.06.2020 ലെ ഇ എക്സ് സി/847/18/എക്സ് ഇ 9 നമ്പർ കത്ത്.

6 വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 24.06.2020 ലെ ഡി.പി 1/899/19 നമ്പർ കത്ത്.

**ഉത്തരവ്**

എക്സൈസ് വിജിലൻസ് വകുപ്പിലെ ഗ്രേഡ് I - സി എ ആയ ശ്രീമതി.ബോബി.പി.മത്തായിക്ക് വയനാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നല്കണമെന്നാവശ്യപ്പെട്ട് പരാമർശം (4) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം (6) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. എക്സൈസ് വിജിലൻസ് വകുപ്പിലെ ഗ്രേഡ് I - സി എ ആയ ശ്രീമതി.ബോബി.പി.മത്തായിക്ക് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം വയനാട് ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നല്കുകയും പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്യുകയുണ്ടായി. ടിയാളുടെ അന്യത്ര സേവന കാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 24.09.2020 ൽ അവസാനിച്ചു. ശ്രീമതി.ബോബി.പി.മത്തായിക്ക് അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം

ദീർഘിപ്പിച്ച് നൽകുന്നതിൽ വിയോജിപ്പ് ഇല്ലെന്ന് പരാമർശം (5) പ്രകാരം എക്സൈസ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(1) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി എക്സൈസ് വിജിലൻസ് വകുപ്പിലെ ഗ്രേഡ് I-സി എ ആയ ശ്രീമതി.ബോബി. പി.മത്തായിക്ക് വയനാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ കെ.എസ്.ആർ ഭാഗം 1, ചട്ടം140(സി) യിലെ വ്യവസ്ഥകളിൽ ഇളവ് നൽകി 25.09.2020 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്ര സേവന കാലവ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപായി കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ കാലാവധി അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരികെ പോകാതിരിക്കുകയും ചെയ്താൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ടിയാളെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്കേണ്ടതുമാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി.ബോബി.പി.മത്തായി, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I, (എക്സൈസ് കമ്മീഷണർ മുഖേന)
പ്രസിഡന്റ്/സെക്രട്ടറി, വയനാട് ജില്ലാ പഞ്ചായത്ത്, വയനാട്.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എൽ ബി എ&എ), കേരള
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് പകർപ്പ്, കരുതൽ ഫയൽ(115/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ